(ബി) ഇത്തരത്തിലുള്ള നെറ്റ് വർക്ക് മാർക്കറ്റിംഗ് നിയമവിധേയമാണോ എന്ന് വ്യക്തമാക്കുമോ ; അല്ലെങ്കിൽ ഏതൊക്കെ നിയമപ്രകാരമാണ് നെറ്റ് വർക്ക് മാർക്കറ്റിംഗ് കുറ്റകരമാകുന്നതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) വിവരസാങ്കേതിക വിദ്യയുമായി ബന്ധപ്പെടുത്തി കമ്പ്യൂട്ടറുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന സാങ്കേതിക നടപടിക്രമത്തിന് നെറ്റ് വർക്കിംഗ് എന്ന് പറയാറുണ്ടെങ്കിലും നെറ്റ് വർക്ക് മാർക്കറ്റിംഗും വിവരസാങ്കേതിക വിദ്യയുമായി പരിമിതമായ ബന്ധമേ ഉള്ളൂ. ഉപഭോഗ വസ്തുക്കൾ വില കുറച്ചു വാങ്ങുന്നതിന് വ്യക്തികളുടെ ശൃംഖല രൂപീകരിക്കുകയും ഇതിലെ ഓരോ വ്യക്തിയും വസ്തുക്കൾ വാങ്ങുമ്പോൾ ആ വ്യക്തിയെ ശൃംഖലയിൽ ഉൾപ്പെടുത്തിയ വ്യക്തികൾക്ക് കമ്മീഷൻ ലഭ്യമാകുകയും ചെയ്യുന്ന പ്രവണതയാണ് നെറ്റ് വർക്ക് മാർക്കറ്റിംഗ്. വളരെ അടുത്ത കാലത്തായി ഇത്തരം ശൃംഖലകളിൽ ഉൾപ്പെടുന്ന വ്യക്തികൾക്ക് വ്യക്തിപരമായ വെബ്സൈറ്റുകൾ രൂപീകരിച്ചു നൽകുകയും ചെയ്തുവരുന്നുണ്ട്. ഇന്റർനെറ്റ് അധിഷ്ഠിതമായി കൊടുക്കൽ വാങ്ങലുകൾ നടത്തുകയും അതിന്റെ തുക ഇന്റർനെറ്റ് വഴി നൽകുന്നത്(കൂടുതലും ക്രഡിറ്റ് കാർഡ് വഴിയും ചില അവസരങ്ങളിൽ നേരിട്ട് ബാങ്ക് അക്കൗണ്ടുകളിൽ കുറവു വരുത്തുകയും ചെയ്ത്) നിയമപരമാക്കാൻ ഇൻഡ്യാ ഗവൺമെന്റ് ഐ.റ്റി. ആക്ടിൽ വിഭാവനം ചെയ്തിട്ടുണ്ട്. ഇതിനാവശ്യമായ നിയന്ത്രണ ഏജൻസികൾ രൂപീകരണഘട്ടത്തിലാണ്.

റവന്യൂ കമ്മി

130 (399) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ഡോ. എം. എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഓരോ വർഷവും റവന്യൂ കമ്മി എത്ര വീതമായിരുന്നു ;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഓരോ വർഷവും എന്തു തുക വീതം വായ്പയെടുത്തിട്ടുണ്ട് ;

(സി) ഇപ്പോൾ സംസ്ഥാനത്തിന്റെ ഒട്ടാകെ കടം എത്രയാണ് ;

(ഡി) സംസ്ഥാന ട്രഷറിയിൽ പബ്ലിക് അക്കൗണ്ടിൽ ഉള്ള നിക്ഷേപം തിരിച്ചുകൊടുക്കേണ്ടതുണ്ടോ ;

(ഇ) എങ്കിൽ ആ തുക സംസ്ഥാനത്തിന്റെ മൊത്തം കടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ;

(എഫ്) ഇപ്പോൾ സംസ്ഥാന ട്രഷറികളിൽ പബ്ലിക് അക്കൗണ്ടിലുള്ള നിക്ഷേപം എത്രയാണ് ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) (രൂപ ലക്ഷത്തിൽ)

1996-1997	64,303.13
1997-1998	1,12,291.12
1998-1999	2,02,996.46
1999-2000	3,62,421.01

(ബി) (രൂപ കോടിയിൽ)

1996-1997	4,070.18
1997-1998	4,930.52
1998-1999	9,027.20
1999-2000	14,700.20
2000-2001	എ.ജി.യുടെ കണക്കുകൾ ലഭ്യമായിട്ടില്ല.

(സി) ബഡ്ജറ്റ് രേഖകൾ പ്രകാരം 31-3-2001-ൽ 23,006.90 കോടി രൂപയാണ് സർക്കാരിന്റെ കടം.

(ഡി) നിക്ഷേപകർ അവശ്യപ്പെടുന്നതനുസരിച്ച് തിരിച്ചു കൊടുക്കേണ്ടതാണ്.

(ഇ) ഉണ്ട്.

(എഫ്) 2,009.91 കോടി രൂപ.

വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും വാങ്ങിയിട്ടുള്ള വായ്പ

131 (400) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം പൊതുകടം എടുപ്പും പശ്ചാത്തല വികസനത്തിനുള്ള കടമെടുപ്പും ഒഴിച്ച് ഏതെല്ലാം വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും വായ്പ വാങ്ങിയിട്ടുണ്ട് ;

(ബി) ഈ കാലത്ത് ഓരോ പ്രാവശ്യവും ഓരോ വ്യക്തിയിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും വാങ്ങിയ വായ്പ എത്രയെന്ന് പറയുമോ ;

(സി) ഈ വായ്പയുടെ പലിശയിനങ്ങളിൽ ഇതുവരെ എന്തു തുക കൊടുത്തിട്ടുണ്ട് ?

ഉത്തരം

(എ) എൽ. ഐ. സി., ജി. ഐ. സി., എൻ.സി.ഡി.സി., നബാർഡ് എന്നീ സ്ഥാപനങ്ങളിൽ നിന്നും വായ്പ വാങ്ങിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly